# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2746 18.06.2018 -ൽ മറുപടിക്ക്

### മാതൃഭാഷ പഠനം നിർബന്ധമാക്കാൻ സ്വീകരിച്ച നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ | പ്രൊഫ.സി.രവീന്ദ്രനാഥ്<br>( വിദ്യാഭ്യാസ വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ | പ്രീ-പ്രൈമറിതലം മുതൽ ഹയർ സെക്കന്ററി തലം വരെ മാതൃഭാഷ പഠനം നിർബന്ധമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | എ | സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഒന്നാംതരം മുതൽ പത്താം തരം വരെ മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ട് 2018 ലെ മലയാള ഭാഷാപഠന ചട്ടങ്ങൾ 02.06.2018 ലെ സ.ഉ. (അച്ചടി) നം.14/18/പൊ.വി.വ (എസ്.ആർ .ഒ. നം.366/18) പ്രകാരം നിലവിൽ വന്നു. |
| ബി | ഈ ലക്ഷ്യം നിറവേറ്റുന്നതിനായി നാളിതു വരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | ബി | സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ട് 2018 ലെ മലയാള ഭാഷാപഠന ചട്ടങ്ങൾ 02.06.2018 ലെ സ.ഉ (അച്ചടി) നം.14/18/പൊ.വി.വ (എസ്.ആർ.ഒ. നം.366/18) പ്രകാരം നിലവിൽ വന്നു. ഇതിൽ സംസ്ഥാനത്തെ സർക്കാർ /എയ്ഡഡ് സ്കൂളുകൾ കൂടാതെ സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (സി.ബി.എസ്.ഇ), കൗൺസിൽ ഫോർ ദി ഇൻഡ്യൻ സ്കൂൾ സർട്ടിഫിക്കറ്റ് എക്സാമിനേഷൻ |

| | | | |
|---|---|---|---|
| | | | (സി.ഐ.എസ്.സി.ഇ) തുടങ്ങിയ ബോർഡുകളുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്കൂളുകളിലും മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി ഒന്ന്, രണ്ട് ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങൾ സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് & ട്രെയിനിംഗ് (എസ്.സി. ഇ. ആർ.റ്റി) തയ്യാറാക്കി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. തമിഴ്, കന്നഡ എന്നീ ഭാഷകൾ മാതൃഭാഷയായുള്ള കുട്ടികളുടെ ഭാഷാപഠനം ലക്ഷ്യമാക്കി പാഠപുസ്തകങ്ങൾ തയ്യാറാക്കി വിതരണം ചെയ്യാനുള്ള ക്രമീകരണം ഉണ്ടാക്കിയിട്ടുണ്ട്. 2017-18 വർഷം ഒന്നാം ക്ലാസിലും 2018-19 വർഷം രണ്ടാം ക്ലാസിലുമാണ് ഈ പാഠപുസ്തകങ്ങൾ നടപ്പിലാക്കുന്നത് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താംതരം വരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി ഹൈസ്കൂൾ തലത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ കീഴിൽ അദ്ധ്യാപകരുടെ ഒരു പാനൽ രൂപീകരിക്കണമെന്നും, ഈ പാനൽ പരിശോധനാ റിപ്പോർട്ട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകണമെന്നും മലയാള ഭാഷാ ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. എൽ.പി / യു.പി തലങ്ങളിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പരിശോധന നടത്തണമെന്നും മേൽപ്പറഞ്ഞ ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്. മേൽ പരിശോധന റിപ്പോർട്ടുകൾ പ്രകാരം മലയാള ഭാഷാപഠന ചട്ടങ്ങളിലെ വ്യവസ്ഥകൾ ഏതെങ്കിലും സ്കൂളുകൾ ലംഘിച്ചതായി ബോദ്ധ്യപ്പെട്ടാൽ, അങ്ങനെയുള്ള സ്കൂളിന്റെ പ്രധാനാ |

| | | | |
|---|---|---|---|
| | | | ദ്ധ്യാപകനിൽ നിന്നും പിഴ ചുമത്തുന്ന കാര്യങ്ങളും ചട്ടങ്ങളിൽ നിഷ്കർഷി ച്ചിട്ടുണ്ട്. |
| സി | പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി നിയമ നിർമ്മാണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് അധ്യയന വർഷം മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | സി | സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഒന്നാം തരം മുതൽ പത്താം തരം വരെ മലയാള ഭാഷാപഠനം ഉറപ്പു വരുത്തുന്നതിനായി 2018 ലെ മലയാള ഭാഷാ പഠന ചട്ടങ്ങൾ 02.06.2018 ലെ സ.ഉ.(അച്ചടി) നം.14/18/പൊ.വി.വ പ്രകാരം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. 2018-19 അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ